**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1295** **07-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് സ്കൂളുകൾ തുറക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി വ്യാപിക്കുന്ന ഈ സമയത്തും നമ്മുടെ പൊതു വിദ്യാലയങ്ങൾ തുറക്കുന്നതിനു വിദ്യാഭ്യാസ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി സ്കൂൾ അധികൃതരും രക്ഷിതാക്കളും സ്വീകരിക്കേണ്ട കരുതൽ നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ; | (ബി) | നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ച് വരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./ എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ? | (സി) | ആരോഗ്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് കരട് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ